"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിൽപന വിഭാഗത്തിനു കീഴിൽ വിവിധ പുസ്തകശാലകളിൽ ഷോറൂം മാനേജർ തസ്തികയിൽ കരാർ സേവനം അനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് ₹22,240 കരാർ വേതനമായി നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.8/2026/CLAD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:- 1. സ.ഉ(സാധാ) നം.374/2024/സാംകാവ തീയതി 14.07.2024

2. സ.ഉ.(പി) നം.54/2025/ധന തീയതി 19.04.2025

3. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 06.05.2025 -ലെ ഇ1/3090/2019/സിൽ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിൽപന വിഭാഗത്തിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ പുസ്തകശാലകളിൽ ഷോറൂം മാനേജർ തസ്തികയിൽ കരാർ സേവനം അനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്കിന്റെ അടിസ്ഥാന ശമ്പളമാണ് നൽകി വരുന്നതെന്നും എൽ.ഡി.ക്ലാർക്കുമാരുടെ കരാർ വേതനം പരാമർശം (2) പ്രകാരം 22,240/- രൂപയായി വർധിപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത വർധനവ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഷോറൂം മാനേജർമാർക്കും അനുവദിച്ചു നൽകുന്നതിനുള്ള അനുമതി നൽകണമെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വില്പന വിഭാഗത്തിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ പുസ്തകശാലകളിൽ 'ഷോറൂം മാനേജർ' തസ്തികയിൽ കരാർ സേവനം അനുഷ്ഠിച്ചു വരുന്ന ജീവനക്കാർക്ക്

വേതനം നൽകുന്നത് സ്ഥാപനത്തിന്റെ തനതു ഫണ്ടിൽ നിന്നായതിനാൽ വേതന വർദ്ധനവിനുള്ള ഫണ്ട് ലഭ്യത ഉറപ്പു വരുത്തി, പരാമർശം (2) ഉത്തരവിന്റെ കാറ്റഗറി III പ്രകാരമുള്ള ₹22,240/- കരാർ വേതനമായി അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരികവകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ് )കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (17.12.2025-ലെ 1438415 EDN-C3/49/2020-ധന പ്രകാരം )

കരുതൽ ഫയൽ (സി1/151/2025-സാംകാവ)/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 05-01-2026 11:57:26

സെക്ഷൻ ഓഫീസർ

പകർപ്പ് :- സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി. എസ്.-ന്